**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 643** **30.07.2015 ൽ മറുപടിയ്ക്ക്**

**വിദ്യാർത്ഥി-യുവജന സംരംഭക പദ്ധതി**

| ചോദ്യം<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. എം. വി. ശ്രേയാംസ് കുമാർ<br>ഡോ. എൻ. ജയരാജ് | | മറുപടി<br>ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>( വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി ) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വിദ്യാർത്ഥി - യുവജന സംരംഭക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) | സംസ്ഥാനത്ത് വർഷം തോറും പുറത്തിറങ്ങുന്ന ഒരു ലക്ഷത്തോളം ബിരുദധാരികളിൽ നല്ലൊരുവിഭാഗം വിദ്യാർത്ഥികൾക്കും സംരംഭകത്വ ആശയം ഉണ്ടെങ്കിലും അവ പ്രാവർത്തികമാക്കുന്നതിന് ഉള്ള സാഹചര്യവും പിന്തുണയും ലഭിക്കുന്നില്ല. കോളേജ് വിദ്യാർത്ഥികളെ സംരംഭകത്വത്തിലേക്ക് ആകർഷിക്കുന്നതിനായി വിദ്യാർത്ഥി സംരഭകത്വ നയം 2012 ൽ ഉന്നത വിദ്യാഭ്യാസ വകുപ്പും യുവജനങ്ങൾക്കായുള്ള സാങ്കേതിക സംരംഭകത്വ നയം 2014 ൽ വിവരസാങ്കേതിക വകുപ്പും രൂപീകരിച്ചിട്ടുണ്ട്. ആശയ രൂപീകരണം, മാതൃകാ നിർമാണം, കമ്പനി രൂപീകരണം എന്നീ മൂന്നു ഘട്ടങ്ങളിലായി വിദ്യാർത്ഥികൾക്ക് മാർക്ക്, ഹാജർ എന്നിവ നൽകുന്നതിനാണ് പ്രസ്തുത നയത്തിൽ വിഭാവനം ചെയ്യുന്നത്. വിദ്യാർത്ഥി കളെയും, യുവജനങ്ങളെയും തൊഴിൽ അന്വേഷകർ എന്നതിന് പകരം തൊഴിൽ ദാതാക്കളായി മാറ്റുന്ന |

| | | | |
|---|---|---|---|
| | | | സംസ്കാരം വളർത്തിയെടുക്കുന്നതിന് ഇതുവഴി കഴിയും. |
| (ബി) | യുവസംരംഭകരുടെ സംരംഭകത്വ ആശയങ്ങൾ നടപ്പിലാക്കുന്നതിനായി എന്തെല്ലാം സംവിധാനങ്ങളാണ് സജ്ജീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (ബി) & (സി) | യുവ സംരഭകരുടെ സാങ്കേതിക ആശയം വികസിപ്പിച്ച് സ്വന്തം നിലയിൽ പ്രവർത്തിക്കുന്ന കമ്പനിയാക്കുന്നതിനുള്ള പ്രവർത്ത നങ്ങൾ കേരളാ സ്റ്റാർട്ട് അപ്പ് മിഷൻ നടത്തിവരുന്നു. സംസ്ഥാനത്തെ വ്യവസായ, വിവര സാങ്കേതിക വകുപ്പുകൾ, സർവ്വകലാശാലകൾ, കേരള സ്റ്റാർട്ടപ്പ് മിഷൻ., കാക്കനാട്ടുള്ള സ്റ്റാർട്ട് അപ്പ് വില്ലേജ്, സംസ്ഥാനത്തെ 8 സർക്കാർ എഞ്ചിനീയറിംഗ് കോളേജുകൾ, 4 പോളിടെക്ക്നിക്ക് കോളേജുകൾ, കളമശ്ശേരിയിലെ സൂപ്പർവൈസറി ഡെവലപ്മെന്റ് സെന്റർ തുടങ്ങിയ സ്ഥാപനങ്ങൾ വ്യവസായ സംരംഭകത്വ പദ്ധതിയുമായി സഹകരിക്കുന്നുണ്ട്. 2013 സെപ്റ്റംബർ 12 സംസ്ഥാന സംരംഭകത്വ ദിനമായി ആചരിക്കുകയും സംസ്ഥാന ബഡ്ജറ്റിന്റെ ഒരു ശതമാനം യുവാക്കൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി മാറ്റിവയ്ക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. വിദ്യാർത്ഥി സംരംഭകത്വ പദ്ധതിയെ എല്ലാ സർവ്വകലാശാലകളും അക്കാദമിക് റഗുലേഷൻസിൽ ഉൾപ്പെടുത്തുക, സർവ്വകലാശാലകളിൽ ഇതിനുവേണ്ടി പ്രത്യേക സെൽ ആരംഭിക്കുക, ഇൻക്യൂബേറ്റർ അംഗീകരിച്ച പ്രോജക്ടുകൾ വിദ്യാർത്ഥികളുടെ അവസാന വർഷ പ്രോജക്ടിന്റെ ഭാഗമാക്കി സിലബസ്സ് അനുസരിച്ച് മാർക്ക് നൽകുക, ആയിരം കോളേജുകളിൽ ബൂട്ട് ക്യാമ്പുകൾ സംഘടിപ്പിക്കുക, അയ്യായിരം ബിരുദ വിദ്യാർത്ഥികളെ തെരെഞ്ഞെടുത്ത് ഭാവിയിൽ വിവിധ മേഖലകളിൽ |
| (സി) | സംസ്ഥാനത്ത് ഇത്തരത്തിലുള്ള സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ടോ യെന്നും ഇതിലൂടെ എന്തെല്ലാം നേട്ടങ്ങൾ ഉണ്ടായിട്ടുണ്ടെന്നും വ്യക്തമാക്കുമോ ? | | |

| | | | |
|---|---|---|---|
| | | | തിളങ്ങുന്നതിന് നേതൃത്വ പരിശീലനം നൽകുക തുടങ്ങിയ പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. ടെക്നോളജി ബിസിനസ്സ് സെന്ററുകൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക, ട്രെയിനിംഗ് പ്രോഗ്രാമുകൾ സംഘടിപ്പിക്കുക എന്നീ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.<br>സാങ്കേതിക മേഖലയിലെ യുവ സംരംഭകരെ പൂർണ്ണ തോതിലുള്ള സ്ഥാപനങ്ങളാക്കുവാൻ സഹായിക്കുന്ന പ്രവർത്തനങ്ങളാണ് കേരളാ സ്റ്റാർട്ട്അപ്പ് മിഷൻ നടത്തി വരുന്നത്. 210-ഓളം കമ്പനികൾക്ക് ഇൻകുബേഷനുള്ള സൗകര്യം ഇതിനകം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**